കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-2018

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ./സി.12/2058/2018.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

ഇ-മെയിൽ:doknr.ksad@kerala.gov.in

ഫോൺ:0497-2707698

തീയതി: 30.01.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

കല്ല്യാശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് - 2017-2018. സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18. സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3-ലെ ഖണ്ഡിക 3-9-ലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഏയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ./സി.12/2058/2018. തീയ്യതി: 30.01.2019

# കണ്ണൂർ ജില്ലയിലെ കല്ല്യാശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കല്ല്യാശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18.സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1-4-2017 മുതൽ 12-11-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്ത്വവുമുണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ശശികുമാർ എം. പി. |
| | | ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 13-11-2018. മുതൽ 28-11-2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | 1.ശ്രീ. ഷാജു തോമസ്. അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ |
| | | 2.ശ്രീമതി.റീന. പിട്ടൻ,അസി.ഓഡിറ്റ് ഓഫീസർ |
| | | 3..ശ്രീ. ലതീഷ് കുമാർ കെ.കെ,ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഇ പി.ഓമന | 1-4-17 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ.പ്രകാശൻ. കെ. വി. | 1-4-17 മുതൽ 31-3-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.പ്രകാശൻ. കെ. വി. | 1-4-17 മുതൽ 31-3-2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ലത. പി | 1-4-17 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ (ഇരിണാവ് ) | ശ്രീ.രഘുവരൻ .ടി.വി. | 1-4-17 മുതൽ 19-8-2017 വരെ |
| | ശ്രീ.ഗണേശൻ.എം. വി. | 20-8-17 മുതൽ 24-9-2017വരെ |
| | ശ്രീമതി. ജീജ. സി.കെ | 25-9-2017 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ (കല്ല്യാശ്ശേരി ) | ശ്രീ.ഗണേശൻ.എം. വി. | 1-4--2017 മുതൽ 31-3-2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.രത്നവല്ലി | 1-4-17 മുതൽ 31-5-2017വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.അമ്പിളി. പി. | 1-6-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി | ഡോ. രശ്മി.മാത്യു. | 1-4-17 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ ) | ഡോ. ഡോളി അഗസ്റ്റ്യൻ | 1-4-17 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഷൈമ കൃഷ്ണൻ ജി. | 1-4-17 മുതൽ 8-11-2017 വരെ |
| | ഡോ. ഗണേഷ് ബാബു | 9-11-2017 മുതൽ 12-12-2017 വരെ, 1-1-2018മുതൽ 31-3-2018 വരെ |
| | ഡോ. രാജേഷ് പി.വി. | 13-12-2017മുതൽ 31-12-2017 വരെ |
| അസി.സെക്രട്ടറി | ശ്രീ. കെ.ടി.റഷീദ് | 1-4-2017 മുതൽ 31-3-2018 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.ബിന്ദുപ്രശാന്ത് | 1-4-2017 മുതൽ 31-3-2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. രത്നകുമാർ മുണ്ടോൻ | 1-4-2017 മുതൽ 31-3-2018 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീ. ദിജേഷ് കെ. | 1-4-2017 മുതൽ 31-3-2018 വരെ |

| | | |
|---|---|---|
| അസിസ്റ്റൻറ് എൻജിനിയർ | ശ്രീ. കൃഷ്ണദാസ് പി. | 1-4-2017 മുതൽ 31-3-2018 വരെ |
| ഫിഷറീസ് സബ് ഇൻസ്പക്ടർ. | ശ്രീമതി. സംഗീത എ. കെ | 1-4-2017 മുതൽ 31-12-2017വരെ |
| | ശ്രീ.ആശിക്ക് ബാബു സി. | 1-1-2018മുതൽ 31-3-2018വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകങ്ങൾ | 1-12 |
| 13 | പദ്ധതി ആസൂത്രണ അവലോകനം | 1-13 |
| | ഭാഗം 2 വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| 14 | രശീതി പുസ്തകം അപാകതകൾ | 2-1 |
| 15 | ചട്ടപ്രകാരം ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ് | 2-2 |
| 16 | ഇ ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്തില്ല | 2-3 |
| | ഭാഗം 3 ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 17 | ഐ.കെ.എമ്മിന് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യ പത്രം എന്നിവ ഹാജരാക്കിയിട്ടില്ല | 3-1 |
| 18 | ടെൻഡർ വ്യവസ്ഥ പ്രകാരം ഓഫർ ചെയ്ത സാധനം സപ്ലൈ ചെയ്തില്ല. നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-2 |
| 19 | കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 3-3 |
| 20 | അതുല്ല്യം കൈപ്പറ്റ് രശീത് -ഹാജരാക്കിയില്ല | 3-4 |
| 21 | സ്കൂളുകൾക്ക് പത്ര മാസികകൾ വിതരണം ചെയ്യൽ- പത്രമാസികകളുടെ -വിതരണ രേഖകൾ പൂർണ്ണമല്ല | 3-5 |
| 22 | സർക്കാർ നിർദ്ദേശ പ്രകാരം ഭവന നിർമ്മാണ പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല | 3-6 |
| 23 | പദ്ധതി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-7 |
| 24 | മുൻകൂർ നൽകിയിട്ടും മരുന്നുകൾ മുഴുവൻ ലഭ്യമാക്കിയിട്ടില്ല | 3-8 |
| 25 | ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ പദ്ധതി -നടത്തിപ്പിൽ അപാകതകൾ ₹176225 ചെലവ് തടസ്സപ്പെടുത്തുന്നു. | 3-9 |

| | | |
|---|---|---|
| | ഭാഗം 4 പൊതു വിവങ്ങളും ഓഡിറ്റ് പ്രത്യവലോകനം | |
| 26 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 29 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിര നിക്ഷേപം | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 33 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 34 | ഓഡിറ്റ് ഇംപാക്ട് | 4-9 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പേർട്ടുകൾ | 4-11 |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 38 | റസീറ്റ് &പെയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 39 | ഇൻകം &എകസ്പ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 40 | ബാലൻസ് ഷീറ്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-3 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 23-3-2017 ലെ തീരുമാനം നമ്പർ 55/17 പ്രകാരം ഭരണസമിതി അംഗീകരിച്ചത് 7-3-2018 ലെ 45/2018 നമ്പർ തീരുമാനപ്രകാരം പുതുക്കിയിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് തുകകൾ ചുവടെ കൊടുക്കുന്നു.

| ബജറ്റ് | | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 2,51,27,862 | 33933676.57 |
| വരവ് | 13,16,70,500 | 127305500 |
| ആകെ | 15,67,98,362 | 161239176.57 |
| ചെലവ് | 15,33,07,000 | 132737000 |
| നീക്കിയിരിപ്പ് | 34,91,362 | 28502176.57 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214- ാം വകുപ്പ് ഉപവകുപ്പ് -1 അനുസരിച്ച് സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15 ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ് .എന്നാൽ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. ബജറ്റ് നിർദ്ദേശങ്ങൾ സമയബന്ധിതമായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിന് വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്. ബജറ്റിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ നിർദ്ദേശങ്ങളൊന്നും വന്നിട്ടില്ല. ബജറ്റ് രൂപീകരണത്തിൽ വന്നിട്ടുള്ള ഇത്തരത്തിലുള്ള വീഴ്ചകൾ ഒഴിവാക്കാൻ നടപടിയെടുക്കേണ്ടതാണ്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണമെന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214- ാം വകുപ്പ് ഉപവകുപ്പ് -1(എ) 1 നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആദ്യ ആഴ്ച കഴിഞ്ഞ് 9-3-2017ലെ തീരുമാനം നമ്പർ 13/17പ്രകാരമാണ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റ് അംഗീകരിച്ചത്. ബജറ്റ് 23-3-2017 തീയതിയിലെ 55/2017 നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ടെങ്കിലും ഉപവകുപ്പ് -1(എ) 7 പ്രകാരം ബജറ്റിന്റെ പകർപ്പ് ഓഡിറ്റിന് അയച്ചുകൊടുക്കേണ്ടതാണെന്ന നിയമപരമായ ബാധ്യത നിറവേറ്റിയിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 11-05-2018 | തിരിച്ചയച്ചിട്ടില്ല | --- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.06.2018, 21.06.2018 | കെ.എസ്.എ/കെ.എൻ.ആർ/ സി.12/1246/2018 തീയതി 31-07-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4,12,95,938.11 |
| വരവ് | 5,91,36,965 |
| ആകെ | 10,04,32,903.11 |
| ചെലവ് | 7,51,10,860 |
| നീക്കിയിരിപ്പ് | 2,53,22,043.11 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | | 12378000 | 12378000 | 9134805 | 3243195 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 2953054 | 2953054 | 2425330 | 527724 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 4865182 | 4865182 | 2343311 | 2521871 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 3117000 | 3117000 | 2216706 | 900294 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 10997195 | 10997195 | 3992091 | 7005104 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | | 2787614 | 2787614 | 2558442 | 229172 |
| സാക്ഷരത | | 2682 | 100 | 2782 | 0 | 2782 |
| ദുരിതാശ്വാസ നിധി | | 25094 | 9783 | 34877 | 9000 | 25877 |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | | 5030553 | 5030553 | 5030553 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 21750 | 388329 | 410079 | 409702 | 377 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 462000 | 2505000 | 2967000 | 1004982 | 1962018 |
| | ജില്ലാ പഞ്ചായത്ത് | 0 | 3520000 | 3520000 | 869238 | 2650762 |
| | ബി. ഫണ്ട് | - | 52795020 | 52795020 | 52795020 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 24223495.11 | 9663449 | 33886944.11 | 17318447 | 16568497.11 |
| | ട്രഷറി അക്കൗണ്ട് | 17010925 | 10207000 | 27217925 | 25394526 | 1823399 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 207 | 82138436 | 126 | 35469999 | 91 | 11 | 60.87 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| പ്രോജക്ട് നമ്പ്ര | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|
| 17/18 | പഞ്ചായത്താഫീസിന് വാഹനം | 10,00,000 (തനത്) |
| 38/18 | ജി. എൽ. പി സ്കൂളിന് ലൈബ്രറി റാക്ക് | 12,000(എം ജി റോഡിതരം) |
| 73/18 | മാര്യാഗലം അഞ്ചാംപീടിക റോഡ് ടാറിംഗ് | 4,40,000 (240000തനത്+200000 എം ജി റോഡ്) |
| 106/18 | കുട്ടികളുടെ തിയറ്റർ | 1,00,000 (വി.ഫണ്ട് ജനറൽ ) |
| 109/18 | സമ്പൂർണ്ണ ഭവനപദ്ധതി (ലൈഫ്-എസ് സി) | 2,10,000 (വി.ഫണ്ട് എസ് സി പി) |
| 114/18 | കുടുംബശ്രീ വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തൽ | 3,00,000 (വി.ഫണ്ട് ജനറൽ ) |
| 124/18 | ചേനങ്കി റോഡ് പുനരുദ്ധാരണം | 3,00,000,(തനത്) |
| 125/18 | മാവിങ്കീൽ പടിഞ്ഞാറ് റോഡ് പുനരുദ്ധാരണം | 2,00,000 (തനത്) |
| 127/18 | പയ്യട്ടം ചോയ്യാപ്രത്ത് കുഞ്ഞിക്കണ്ണൻ റോഡ് | 2,00,000,(തനത്) |

| | | |
|---|---|---|
| | പുനരുദ്ധാരണം | |
| 171/18 | ഗ്യാസ് ക്രിമിറ്റോറിയം | 20,25,000 (206093 സി എഫ് സി +808907വ.ഫണ്ട്ജനറൽ+1000000ബ്ളോക്ക് വഹിതം) |
| 172/18 | ആയുർവേദാശുപത്രിക്ക് ടോയിലറ്റ് അടിസ്ഥാന സൗകര്യം മെച്ചപ്പടുത്തൽ | 2,21,000 (എം ജി റോഡിതരം) |

1-6(എ) പദ്ധതിപ്പണം പാഴായി

2017-18 ൽ 207 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 126 എണ്ണത്തിനാണ് തുക ചെലവഴിക്കപ്പെട്ടിട്ടുള്ളത്. പല പദ്ധതികളും ഭാഗികമായിട്ട് മാത്രം നടപ്പിലാക്കിയതിനാൽ ലഭിച്ച തുകയിൽ 43.18 ശതമാനം തുകമാത്രമാണ് ചെലവഴിയ്ക്കാൻ കഴിഞ്ഞിരിക്കുന്നത്. പദ്ധതി ചെലവിൽ ഇത്രയേറെ കുറയുവാനുണ്ടായ പ്രധാനകാരണം അസി.എൻജിനിയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവിലുണ്ടായ കുറവാണ്. 115 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 50 എണ്ണത്തിനാണ് തുക ചെലവഴിക്കപ്പെട്ടിട്ടുള്ളത് ആകെ ചെലവാകട്ടെ 27.98 ശതമാനവും .അസി.എൻജിനിയർ നിർവ്വഹണം നടത്തിയ പദ്ധതികൾക്ക് വകയിരുത്തിയ വിവിധ ഫണ്ടുകളുടെയും തുക ചെലവഴിച്ചതിൻെറയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| 1 | ഫണ്ട് ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| 2 | വികസനഫണ്ട് -പൊതുവിഭാഗം | 2459737 | 4931 | 0.2 |
| 3 | എസ് സി പി | 825000 | 449330 | 54.46 |
| 4 | ധനകാര്യകമ്മീഷൻ ഗ്രാൻറ് | 9330812 | 2640969 | 28.30 |
| 5 | ലോകബാങ്ക് സഹായം | 599260 | 2558442 | 98.43 |
| 6 | കേന്ദ്രാവിഷ്കൃത ഫണ്ട് | 688000 | 576000 | 83.72 |
| 7 | സംസ്ഥാനാവിഷ്കൃതഫണ്ട് | 2000000 | 0 | 0 |
| 8 | തനത് ഫണ്ട് | 19158994 | 5342753 | 27.89 |
| 9 | ബ്ളോക്ക് വിഹിതം | 1000000 | 0 | 0 |
| 10 | ജില്ലാപഞ്ചായത്ത് വിഹിതം | 2970000 | 330256 | 11.12 |

| | | | | |
|---|---|---|---|---|
| 11 | മെയിൻറനൻസ് ഫണ്ട് റോഡ് | 8224635 | 2343311 | 28.49 |
| 12 | മെയിൻറനൻസ് ഫണ്ട് റോഡിതരം | 2693600 | 337795 | 12.54 |
| 13 | മറ്റുള്ളവ | 180000 | 0 | 0 |
| | ആകെ | 52130038 | 14583787 | 27.98 |

വകയിരുത്തിയതുകയിൽ 72.02 ശതമാനം തുകയും ചെലവഴിക്കാതെ ലാപ്സായിരിക്കുകയാണ്. ഇത് ഏകദേശം രണ്ടരക്കോടിയിലധികം വരും. പദ്ധതികൾ യഥാസമയം നടപ്പിലാക്കിയിരുന്നുവെങ്കിൽ ഈ തുക ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കപ്പെടേണ്ടതായിരുന്നു എന്നുള്ള വസ്തുത ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. വിവിധ ഫണ്ടുകളിലായി ലഭിക്കുന്ന തുകകൾ വിവിധ പദ്ധതികളിലൂടെ തൻവർഷം തന്നെ ചെലവഴിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 21750 | 388329 | 410079 | 409702 | 377 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 5030553 | 5030553 | 5030553 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 16920 | 24 |
| കർഷകതൊഴിലാളി പെൻഷൻ | 6293200 | 527 |
| വിധവാപെൻഷൻ | 11336800 | 944 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 30160000 | 2311 |
| വികലാംഗപെൻഷൻ | 2810300 | 238 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1897800 | 160 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-11-2018ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8606/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓഫീസ് ഓർഡറുകൾ വഴി ജീവനക്കാർക്ക് കൃത്യമായ ചുമതലാ വിഭജനം നടത്തിയിട്ടുണ്ട്. ജീവനക്കാരുടെ പ്രതിമാസ യോഗം ചേർന്ന് ഓഫീസ് പ്രവർത്തനം വിലയിരുത്തി ആവശ്യമായ നിർദേശങ്ങൾ ജീവനക്കാർക്ക് നൽകിവരുകയും ചെയ്യുന്നുണ്ട്. കുടുംബശ്രീയുടെ സഹായത്തോടെ ഹെൽപ് ഡസ്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്ത് പദ്ധതിയവലോകനം നടത്തുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.10.2018 | 9/18 വരെ | 2-11-2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12-8-2015 മുതൽ 31-8-2015 വരെ | 2010-11, മുതൽ 2014-15 വരെ | 19-10-2015 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

2) മുൻകൂർ രജിസ്റ്റർ,ഇൻവെസ്റ്റ്മെൻറ് രജിസ്റ്റർ,എന്നിവയുടെ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ടെണ്ടർ ഫോറം വരവ് ,മണൽ ഇനത്തിലെ വരവ് എന്നിവയുടെ കൃത്യത പരിശോധിക്കാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടുള്ള വസ്തിനികുതി ഇനത്തിലെ ഡിമാൻറ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാൻറ് കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

## 1-13 പദ്ധതി ആസൂത്രണം -അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് പട്ടിക 3 ൽ ഗ്രാമപഞ്ചായത്ത് അനുവർത്തിക്കേണ്ട ചുമതലകളെ പറ്റി വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.അതുപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതും സംസ്ഥാന സർക്കാർ കാലകാലങ്ങളായി ഏൽപ്പിച്ചുകൊടുക്കുന്നതുമായചുമതലകൾ നിറവേറ്റുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ(2017-22) ആദ്യ വാർഷിക പദ്ധതി(2017-18) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)നം.72/തസ്വഭവ,തീ.29.03.17) ഉത്തരവിലെ അനുബന്ധം ഖണ്ഡിക 2 ൽ പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ആസൂത്രണം മുതൽ നടത്തിപ്പ് വരെയുള്ള ഘട്ടങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

(1).ആസൂത്രണ സമിതിയുംവർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ

(എ) ആസൂത്രണസമിതി

ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ,വികസനരേഖ തയ്യാറാക്കൽ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ആസൂത്രസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും

16-01-2017 ന് മുമ്പായി രൂപീകരിക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. 21-01-2017 തീയതിയിലെ 5/2017 നമ്പർ തീരുമാന പ്രകാരം 23 അംഗ ആസൂത്രണ സമിതിയും 6/2017 നമ്പർ തീരുമാനപ്രകാരം 13 വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ചിട്ടുണ്ട്. കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗതീരുമാനം അനുസരിച്ച് 21-1-2017ന് ആസൂത്രണസമിതി രൂപീകരിച്ചിരുന്നുവെങ്കിലും, സർക്കാർ ഉത്തരവ് പ്രകാരം ഫോറം 1ൽ നടപടിരേഖ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

ആസൂത്രണസമിതി അതിന്റെ മേൽ പറഞ്ഞ ചുമതലകൾ അതിന്റെ പൂർണ്ണതയിൽ നടപ്പിലാക്കുന്നതിന് കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. വളരെ പരിമിതമായി മാത്രമേ ചർച്ചകളും തീരുമാനങ്ങളും സംബന്ധിച്ച വിവരങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടിള്ളു. പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും നിർണ്ണായക ചുമതലകളുള്ള ആസൂത്രണസമിതിയുടെ പ്രവർത്തനം മിനുട്സിൽ വ്യക്തമായി രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്

(ബി) വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭ/ ഊരുക്കൂട്ടയോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടേയും തുടർന്ന് വികസനസെമിനാറിന്റേയും പരിഗണനക്ക് സമർപ്പിക്കുക എന്നിവയാണ് പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിങ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതായ പ്രധാനചുമതലകൾ.

പൊതുവെ വർക്കിംഗ് ഗ്രൂപ്പുകളിൽ നടന്ന ചർച്ചകളിലും തീരുമാനങ്ങളിലും പദ്ധതി നടത്തിപ്പുമായി നേരിട്ട് ബന്ധപ്പെടുന്നകാര്യങ്ങൾ മാത്രമാണ് പ്രതിപാദിച്ചിട്ടുള്ളത്.വർക്കിംഗ് ഗ്രൂപ്പുകളിൽ വിവിധ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി പദ്ധതികളുടെ രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നതിന്റെ വിവരങ്ങൾ മിനുട്സിൽ രേഖപ്പെടുത്തുന്നില്ല. . വർക്കിംങ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയതിന്റെ രേഖപ്പെടത്തലുകൾ മിനുട്സ് ബുക്കിൽ ഇല്ല. (ജി.ഒ(എം.എസ്)നം.72/2017/തസ്വഭവ തീയതി- 29-03-2017 ലെ ഖണ്ഡിക 14-6 (2) അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനറായി വർക്കിംഗ് ഗ്രൂപ്പിലെ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിക്കേണ്ടതും ഇങ്ങനെ തീരുമാനിച്ച കാര്യം സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതുമാണ് എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

(2).പ്രൊജക്ടുകൾ തയ്യാറാക്കൽ.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ നിർദേശങ്ങളിലെ ഖണ്ഡിക 6.2 പ്രകാരം സുലേഖ സോഫ്റ്റ് വെയറിൽ പതിവു രീതിയിൽ പ്രൊജക്ടിന്റെ കണക്കുകൾ നൽകുന്നതിനോടൊപ്പം പ്രൊജക്ടിനെ കുറിച്ച് ഒരു ഏകദേശ ധാരണ ലഭിക്കുന്നതിന് ലളിതമായ ഭാഷയിൽ ഒരു പ്രൊജക്ട് നിർദേശം കൂടി തയ്യാറാക്കി ചേർക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ പല നിർവ്വഹണോദ്യോഗസ്ഥരും ഈ നിർദേശം പാലിച്ചതായി കാണുന്നില്ല. നിശ്ചിത ഫോറത്തിൽ എഴുതി തയ്യാറാക്കിയിട്ടുള്ള പ്രൊജക്ട് വർക്കിംഗ് ഗ്രൂപ്പ് ചെയർ പേഴ്സണും കൺവീനറും സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന നിർദേശവും പാലിച്ചിട്ടില്ല.

(3).വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം

താഴെ കൊടുത്ത പ്രകാരം ജില്ല ആസൂത്രണ സമിതിയിൽ നിന്നും പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രൊജക്ടുകളുടെ എണ്ണം | 207 |

| | |
|---|---|
| പുതിയ പ്രൊജക്ടുകൾ | 144 |
| സ്പിൽ ഓവർ പ്രൊജക്ടുകൾ | 63 |
| ആകെ അടങ്കൽ | 82138436 |
| ആകെ ചെലവ് | 35469999 |
| പൊതു വിഭാഗം | 190 |
| പട്ടികജാതി വിഭാഗം | 17 |

പട്ടികജാതി വിഭാഗത്തിന് തയ്യാറാക്കിയിട്ടുള്ള 17 പ്രോജക്ടുകൾക്കായി ആകെ അടങ്കൽ 4232000രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 2425330 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

(4).വാർഷിക പദ്ധതി നിർവ്വഹണവും, മോണിട്ടറിംഗും

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക പദ്ധതികൾക്ക് ആകെ പദ്ധതി ചെലവിന്റെ നിർവ്വഹണോദ്യേഗസ്ഥർ തിരിച്ചുള്ള വിശദവിവരം ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യേഗസ്ഥൻ | പദ്ധതികളുടെഎണ്ണം | | | പദ്ധതി ചെലവ് | | |
|---|---|---|---|---|---|---|
| | അംഗീകാരം ലഭിച്ചവ | ആരംഭിച്ചവ | ശതമാനം | അടങ്കൽ തുക | ചെലവായ തുക | ശതമാനം |
| സെക്രട്ടറി | 22 | 18 | 81.81 | 5242695 | 4184132 | 79.81 |
| കൃഷി ഓഫീസർ | 8 | 8 | 100 | 4630005 | 3059505 | 66.08 |
| വെറ്ററിനറി | 7 | 7 | 100 | 2540322 | 1746825 | 68.76 |
| മെഡിക്കൽ ഓഫീസർ (ആലോപ്പതി) | 8 | 7 | 87.5 | 959837 | 705774 | 73.53 |

| | | | | | | |
|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 1 | 50 | 1250000 | 1200000 | 96 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100 | 200000 | 200000 | 100 |
| വി ഇ ഒ | 14 | 10 | 71.43 | 5212000 | 2091100 | 40.12 |
| ഐസിഡിഎസ് സൂപ്പർ വൈസർ | 6 | 5 | 83.33 | 4606397 | 4152179 | 90.14 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 115 | 50 | 43.48 | 52130038 | 14583787 | 27.98 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 9 | 90 | 2443050 | 1514200 | 61.98 |
| ഹെഡ് മാസ്റ്റർ | 12 | 9 | 75 | 1999092 | 1488497 | 74.46 |
| ഡയറി ഫാം | 1 | 1 | 100 | 850000 | 544000* | 88.12 |
| ആകെ | 207 | 126 | 60.87 | 82138436 | 35469999* | 43.18 |

* ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ അതുല്ല്യം പദ്ധതിയിൽ പ്രകാരമുള്ള 29250 രൂപയുടെ ചെലവും, ഡയറി ഫാം ഇൻസ്പെക്ടറുടെ 205000/- രൂപയുടെ ചെലവുംസുലേഖ പ്രകാരമുള്ള ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി(2017-18) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 14.7 പ്രകാരം പദ്ധതി നിർവ്വഹണ പ്രക്രിയ നിശ്ചിത കാലയളവിനുള്ളിൽ പൂർത്തിയാക്കുന്നതിന് ഒരു സമയപട്ടിക നിശ്ചയിക്കേണ്ടതും നിർവ്വഹണത്തിലെ ഓരോ ഘട്ടത്തിലേയും പ്രവർത്തനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നതിന് ഉറപ്പുവരുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് അപ്രകാരമുള്ള സമയപട്ടിക നിശ്ചയിച്ചിട്ടില്ല. ആകെ രൂപീകരിക്കപ്പെട്ട 207

പ്രോജക്ടുകളിൽ 126 എണ്ണമാണ് തൻ വർഷം നടപ്പാക്കിയിട്ടുള്ളത്.

പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് യഥാസമയം തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി , മെഡിക്കൽ ഓഫീസർ പി എച്ച് സി (ആലോപ്പതി), മെഡിക്കലാഫീസർ (ഹോമിയോ), ഹെഡ്മാസ്റ്റർ, ഐ സി ഡി എസ് സൂപ്പർവൈസർ, എന്നീ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി പുസ്തക ഉപയോഗം അപാകതകൾ

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 20(2),(സി) പ്രകാരം കൈയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രശീതികൾ മെഷീൻ നംമ്പർ നൽകിയവയും ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയയുമായിരിക്കേണം, അസ്സൽ ആഫീസ്സിൽ സൂക്ഷിക്കുകയും ഡ്യൂപ്ലിക്കേറ്റ് പണം നൽകിയ ആൾക്ക് നൽകേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരായ അസി.എഞ്ചിനീയർ, വി.ഇ.ഒ എന്നിവർക്ക് നൽകിയ രശീതിപസ്തകത്തിലെ അസ്സൽ പണം നൽകിയ ആൾക്ക് നൽകുകയും ഡ്യൂപ്ലിക്കേറ്റ് ആഫീസ്സിൽ സൂക്ഷിക്കുകയും ആണ് ചെയ്തത്. സർക്കാർ നിർദ്ദേശമനസരിച്ച് രശീതി ഉപയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ചട്ടപ്രകാരം ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് 31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിനാൽ 31.10.2017 ന് ശേഷം ലൈസൻസ് നൽകേണ്ടിയിരുന്നത് ജി.ഒ.(പി) 80/2017 അടിസ്ഥാനമാക്കിയായിരുന്നു. ആയതു പ്രകാരം ഈടാക്കേണ്ടുന്ന ലൈസൻസ് ഫീസ് ചുവടെ ചേർക്കുന്നു.

| ഇനം | ഈടാക്കാവുന്ന പരമാവധി ഫീസ് |
|---|---|
| മൈക്രോ എൻർപ്രൈസസ്(മൂലധന നിക്ഷേപം നിർമ്മാണ മേഖലയിൽ 25,00,000ൽ കവിയാത്തവ,സേവന മേഖലയിൽ 10,00,000 ൽ കവിയാത്തവ ) | 500 |
| മിനി എൻർപ്രൈസസ്(മൂലധന നിക്ഷേപം നിർമ്മാണ മേഖലയിൽ 25,00,000 ന മുകളിലും 1,00,00,000 ക്ക് | 1,000 |

| | |
|---|---|
| താഴെ,സേവന മേഖലയിൽ 10,00,000 ന മുകളിലും 50,00,000ന താഴെ ) | |
| സ്മോൾ എൻർപ്രൈസസ്(മൂലധന നിക്ഷേപം നിർമ്മാണ മേഖലയിൽ 1,00,00,000 ക്ക് മുകളിലും5,00,00,000 ക്ക് താഴെയും,സേവന മേഖലയിൽ 50,00,000 ന മുകളിലും 2,00,00,000ക്ക് താഴെയും ) | 5,000 |
| മീഡിയം എൻർപ്രൈസസ്(മൂലധന നിക്ഷേപം നിർമ്മാണ മേഖലയിൽ 5,00,00,000 ന മുകളിലും 10,00,00,000 ക്ക് താഴെ,സേവന മേഖലയിൽ 2,00,00,000 ക്ക് മുകളിലും 5,00,00,000ന താഴെ) | 10,000 |
| ലാർജ് എൻർപ്രൈസസ്(മൂലധന നിക്ഷേപം നിർമ്മാണ മേഖലയിൽ 10,00,00,000 ക്ക് മുകളിലും ,സേവന മേഖലയിൽ 5,00,00,000 ക്ക് മുകളിലും ) | 15,000 |

എന്നാൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ച് ലൈസൻസ് ചട്ടം ഭേദഗതി ചെയ്തതിന് ശേഷമുള്ള പുതിയ നിരക്ക് ലൈസൻസ് ഫീസിനത്തിൽ ഈടാക്കാത്തത് മൂലം പഞ്ചായത്തിന് ലഭിക്കേണ്ട അധിക വരുമാനം നഷ്ടപ്പെടുവാനിടവന്നിട്ടുണ്ടെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

## 2-3 ഇ ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തില്ല

ധനകാര്യവകുപ്പിന്റെ ജി.ഒ.(പി) 429/2015/ഫിൻ/28-09-2015 ഉത്തരവ് അനുസരിച്ച് 500000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ തുകയുടെ 0.2% തുകയാണ് (ഏറ്റവും കുറഞ്ഞത് 500 രൂപ, കൂടിയത് 2000 രൂപ).പത്ത് ലക്ഷത്തിന് മുകളിൽ ഒരു കോടി വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 2500 രൂപയുമാണ്. ഓഡിറ്റിന് ലഭ്യമാക്കിയ ടെണ്ടർ രജിസ്റ്റർ അനുസരിച്ച് പഞ്ചായത്തിൽ 2017-18 വർഷം ഇ ടെണ്ടർ മുഖേന പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്കായി ഇ ടെണ്ടർ സമർപ്പിച്ച ഓരോ കരാറുകാരനും ഓൺലൈനായി ടെണ്ടർ ഫീസും വാറ്റും അടക്കമുള്ള തുക എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത ടെണ്ടർഫീസ് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഐ കെ എമ്മിന് വിഹിതം നൽകൽ– വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 03/18 |
| പ്രോജക്ടിന്റെ പേര് | ഐ കെ എമ്മിന് വിഹിതം നൽകൽ |
| അടങ്കൽ | 55,243( വികസന ഫണ്ട്) |
| ചെലവ് | 55243 |
| ബിൽ നം /തിയ്യതി | 04/30.06.2017 |

2017-18 വർഷം ഐ കെ എമ്മിന് വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം ഐ കെ എമ്മിന് തുക അനുവദിക്കുന്നതിലേക്കായി 55,243 രൂപ പിൻവലിച്ചിട്ടുണ്ട്. തുക ഓൺ ലൈനായി IKM ന്റെ അക്കൗണ്ടിലേക്ക് ഒടുക്കുന്ന സ്ഥാപനങ്ങൾ തുക ഒടുക്കിയത് സംബന്ധിച്ച് IKM ന് അയക്കുന്ന കത്തിൽ തുക അയച്ചത് സംബന്ധിച്ച split up, തുക ഏത് വർഷത്തേക്കാണെന്നുള്ള വിവരവും തുക ഏതേത് തരത്തിലേക്കാണെന്നുള്ള( ഉദാ- വെബ് സെറ്റ്, എസ്. എം. എസ് ചാർജ്ജ്, IKM പ്രവർത്തന ഫണ്ട്) തരം തിരിച്ചുള്ള വിശദാംശങ്ങൾ എന്നിവ കൃത്യമായി തുക ട്രാൻസ്ഫർ ചെയ്തതിന്റെ ഇ-രശീത് കത്തിനോടൊപ്പം ഉൾപ്പെടുത്തേണ്ടതാണെന്നും IKM ന്റെ 176/A7/2017/IKM/01.03.17 നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള വിവരങ്ങൾ, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 3-2 ടെൻഡർ വ്യവസ്ഥ പ്രകാരം ഓഫർ ചെയ്ത സാധനം സപ്ലൈ ചെയ്തില്ല. നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജ്കട് നമ്പർ പേര് | 223/18 അംഗനവാടികൾക്ക് ഫർണിച്ചർ |
| അടങ്കൽ | 140300 സംരക്ഷണഗ്രാന്റ് (നോൺ റോഡ്) 9200 (തനത്) |
| ചെലവ് | 1,36,390 |

| | |
|---|---|
| ബിൽ നം /തിയ്യതി | 10/24.03.2018 |

മേൽ പ്രോജ്കട് പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 23 അംഗനവാടികളിലേക്ക് ഓഫീസ് ടേബിൾ, ഗ്യാസ് സ്റ്റൗ ടേബിൾ, ഫൈബർ ചെയർ തുടങ്ങിയ ഫർണിച്ചർ വാങ്ങി വിതരണം ചെയ്യുന്നതിലേക്കായി ടെൻഡർ നടപടി സ്വീകരിക്കുകയും ആയതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത അനു ഏജൻസി, കൂടാളിക്ക് സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. ഏജൻസി ടെൻഡർ പ്രകാരം ഓഫർ ചെയ്തതും നിർവ്വഹണ ഉദ്യോഗസ്ഥൻ സപ്ലൈ ഓർഡറിലൂടെ വിതരണം ചെയ്യാൻ ആവശ്യപ്പെട്ടതും 3470/- രൂപ നിരക്കിൽ 130x60x65cm അളവിലുള്ള ഓഫീസ് ടേബിൾ ആയിരുന്നു. ഏജൻസി ഇൻവോയിസ് നം. 84/23.03.18 പ്രകാരം 3470/- രൂപ നിരക്കിൽ വീതരണം ചെയ്തത് 120x60x65cm അളവിലുള്ള ഓഫീസ് ടേബിൾ ആണ്.

ടെൻഡർ നടപടി വ്യവസ്ഥകളിലൂടെ അംഗീകരിച്ചതിൽ നിന്നും സപ്ലൈ ഓർഡറിൽ ആവശ്യപ്പെട്ടതിൽ നിന്നും വ്യത്യസ്ഥമായ ഇനം ഏജൻസി വിതരണം ചെയ്യുന്നതും അത്തരം സാധനങ്ങൾ സ്വീകരിക്കുന്നതും ടെൻഡർ നടപടി വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. വിതരണം ചെയ്യാൻ സാധിക്കാത്ത സാധനങ്ങൾ നിശ്ചിത വിലക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് ഓഫർ ചെയ്തതിന് ശേഷം അത്തരം സാധനങ്ങൾ നിർമ്മിക്കുന്നില്ല എന്ന കാരണത്താൽ വിതരണം ചെയ്യാതിരിക്കുന്നതും ഓഫർ ചെയ്ത അളവിൽ കുറവുള്ള സാധനം വിതരണം ചെയ്യുന്നതും അംഗീകരിക്കാവുന്നതല്ല. ആയതിനാൽ പദ്ധതിയുടെ നടത്തിപ്പിൽ നഷ്ടം വന്നിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. കൂടാതെ ടെൻഡർ വ്യവസ്ഥകളിൽ നിന്ന് വ്യതിചലിച്ച് സാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനത്തിനെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 3-3 കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

2017-18 വർഷം നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം തുകകകൾ കണ്ണൂർ എസ് എൽ ബി പി ഡപ്യൂട്ടി ഡയരക്ടർ(എ എച്) ക്ക് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറക്ക് പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ | | |
| പ്രോജ്കട് നമ്പർ | 10/18 | | 190/18 |
| പ്രോജ്കടിന്റെ പേര് | വനിതകൾക്ക് കന്നുകുട്ടിപരിപാലന പദ്ധതി | | കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 375000 (വികസന ഫണ്ട്) | | 93750(വികസന ഫണ്ട്) |
| ചെലവ് | 87,500 | 2,87,500 | 93,750 |

| | | | |
|---|---|---|---|
| ബിൽ നം /തിയ്യതി | 5/31.10.2018 | 9/23.01.18 | 31.10.2017 |

## 3-4 അതുല്ല്യം പദ്ധതി:- കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജ്കട് നമ്പർ പേര് | 31/18 അതുല്ല്യം |
| അടങ്കൽ | 66750 (തനത് ഫണ്ട്) |
| ചെലവ് | 55500 |
| ചെക്ക് നം/ തിയ്യതി | 020370/27.03.2018 |

2017-18 വർഷം പത്താം തരത്തിലേക്ക്ള്ള തുല്ല്യതാ പരീക്ഷക്കുള്ള15 പഠിതാക്കളുടെ കോഴ്സ് ഫീ ആയി 26250/- രൂപയും +1 ലേക്കുള്ള തുല്ല്യതാ പരീക്ഷക്കുള്ള15 പഠിതാക്കളുടെ കോഴ്സ് ഫീ ആയി 29250 രൂപയും ആകെ 55500/- രൂപ ചെക്ക് നം. 020370/ 27.03.2018പ്രകാരം ജില്ലാ സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്.

1.പത്താം തരത്തിലേക്കുള്ള തുല്ല്യതാ പരീക്ഷക്കുള്ള15 പഠിതാക്കളുടെ കോഴ്സ് ഫീ ആയി 26250/- രൂപയുടെ കൈപ്പറ്റ് രശീത് സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിലും +1 ലേക്കുള്ള തുല്ല്യതാ പരീക്ഷക്കുള്ള15 പഠിതാക്കളുടെ കോഴ്സ് ഫീ ആയി നൽകിയ29250 രൂപയുടെ കൈപ്പറ്റ് . രശീത് ഇതേവരെ സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് (4/24.11.2018) പല തവണ ആവശ്യപ്പെട്ടിട്ടും സാക്ഷരതാമിഷനോട് ആവശ്യപ്പെട്ടിട്ടും രശീത് ലഭ്യമായിട്ടില്ല എന്ന മറുപടിയാണ് നൽകിയത്. രശീത് ലഭ്യമാക്കുന്നതിന്റെ നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 3-5 സ്കൂളുകൾക്ക് പത്ര മാസികകൾ വിതരണം ചെയ്യൽ- പത്രമാസികകളുടെ -വിതരണ രേഖകൾ പൂർണ്ണമല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജ്കട് നമ്പർ പേര് | 30/18 സ്കൂളുകൾക്ക് പത്ര മാസികകൾ വിതരണം ചെയ്യൽ |
| അടങ്കൽ | 100000 (തനത്) |
| ചെലവ് | 51000 |
| ചെക്ക് നം/ | 020369/27.03.2018 |

| | |
|---|---|
| തിയ്യതി | |

2017-18 വർഷം പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിൽ പത്രമാസികകൾ വിതരണം ചെയ്യുന്നതിനായി ദേശാഭിമാനി മാനേജ്മെന്റുമായി ഉണ്ടാക്കിയ കരാർ പ്രകാരം (തിയ്യതി ഇല്ല) 01.06.2017 മുതൽ 31.03.2018 വരെ പ്രതിദിനം 49 ദേശാഭിമാനി പത്രവും 20 തത്തമ്മയും വിതരണം ചെയ്യുന്നതിന് 51000/ - രൂപ നൽകിയിട്ടുണ്ട്. എന്നാൽ എത്ര സ്കൂളുകളിലാണ് പത്രമാസികകൾ വിതരണം ചെയ്യേണ്ടത് എന്ന് കരാറിൽ പരാമർശിച്ചിട്ടില്ല. പദ്ധതിയുടെ നടത്തിപ്പുമായയി ബന്ധപ്പെട്ട് ഫയലിൽ ഏത് കാലയളവിൽ എത്ര പത്രമാസികകൾ ഓരോ സ്കൂളുകളിലും ലഭ്യമായിട്ടുണ്ട് എന്ന് രേഖപ്പെടുത്താതെ പദ്ധതി പ്രകാരമുള്ള മുഴുവൻ പത്രമാസികകളും ലഭ്യമായിട്ടുണ്ട് എന്നുള്ള രശീതാണ് ഓരോ സ്കൂളിൽ നിന്നും ഹാജരാക്കിയിട്ടുള്ളത്. രശീതിയിൽ ലഭ്യമായ പത്രമാസികകളുടെ എണ്ണമോ തിയ്യതിയോ രേഖപ്പെടുത്താതിനാൽ പദ്ധതി പ്രകാരമുള്ള എണ്ണം പത്രമാസികകൾ ഏജൻസി വിതതരണം ചെയ്തിട്ടുണ്ട് എന്ന് ഉറപ്പാക്കാൻ സാധിക്കുകയില്ല. ആയതിനാൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 സർക്കാർ നിർദ്ദേശ പ്രകാരം ഭവന നിർമ്മാണ പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല

നിർവ്വഹണം വി.ഇ.ഒ

പ്രോജക്ട് നമ്പർ : 107/18

പ്രോജക്ടിന്റെ പേര് : ലൈഫ് ഭവന പദ്ധതി

വകയിരുത്തിയ തുക : ₹ 900000 വികസന ഫണ്ട് പൊതുവിഭാഗം

ചെലവ് തുക : ₹ 320000 ബിൽ നമ്പർ 1 2/17-18തീയ്യതി: 320000/27.03.2018

ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കളായ 8 പേർക്ക് ഭവന നിർമ്മാണ മുൻകൂറായി ₹40000 വീതം നൽകിയിട്ടുണ്ട്. ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം മാർഗ്ഗരേഖ ഉത്തരവിലെ (സ.ഉ(കൈ)നം. 34/2018/തസ്വഭവ തീ.16.03.2018 അനുബന്ധം 3 പ്രകാരമുള്ള കരാർ ഉടമ്പടിയിൽ ഒന്നാം കക്ഷിയും രണ്ടാം കക്ഷിയും ഏർപ്പെട്ടതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയും, മേൽ മാർഗ്ഗരേഖയിലെ അനുബന്ധം 2 ലെ ക്രമ നം (5) പ്രകാരമുള്ള ഭവന നിർമ്മാണത്തിനുള്ള പെർമിറ്റിന്റെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/17-18 തീ.26.11.2018) മറുപടി സമർപ്പിച്ചെങ്കിലും ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വ്യക്തിഗത ആനുകൂല്യം നൽകുന്ന പദ്ധതികൾക്ക് സർക്കാർ നിർദ്ദേശ പ്രകാരമുള്ള രേഖകൾ ലഭ്യമാക്കിയതിന് ശേഷം ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 പദ്ധതി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

1)നിർവ്വഹണം വി.ഇ.ഒ

പ്രോജക്ട് നമ്പർ : 25/18

പ്രോജക്ടിന്റെ പേര് :മേൽക്കൂര മാറ്റി സ്ഥാപിക്കൽ

വകയിരുത്തിയ തുക : ₹ 500000 വികസന ഫണ്ട് പൊതുവിഭാഗം

: ₹ 400000 തനത് ഫണ്ട്

ചെലവു തുക : ₹ 125000 (ബിൽ നമ്പർ 3 /17-18 തീയ്യതി:08.11.2017)

₹ 75000 (ബിൽ നമ്പർ 4 /17-18 തീയ്യതി: 16.01.2018)

₹ 73000 (ബിൽ നമ്പർ 9 /17-18 തീയ്യതി: 12.03.2018)

മേൽ ബിൽ പ്രകാരം മാറിയ തുക മേൽക്കൂര മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി 18 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്, ഇതിൽ 2 ഗുണഭോക്താക്കൾ മാത്രമാണ് പദ്ധതി പൂർത്തിയാക്കിയത് സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ.(എം.എസ്) നമ്പർ.80/2017 തസ്വഭവ,തീയ്യതി.3.4.2017 ഖണ്ഡിക 8.6 മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ പദ്ധതിക്ക് വേണ്ടി തുക മുൻകൂർ നൽകുന്നതിന് മുൻപ് ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കി എൽ എസ് ജിഡി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയതിന് ശേഷമാണ് തുക നൽകേണ്ടത്. എന്നാൽ ഇത് സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കുന്നതിന് നൽകിയ (നം.9/18 തീ. 26.10.18) ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയെങ്കിലും ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല. മുൻകൂർ നൽകിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)പ്രോജക്ട് നമ്പർ : 26/18

പ്രോജക്ടിന്റെ പേര് :മേൽക്കൂര മാറ്റി സ്ഥാപിക്കൽ

വകയിരുത്തിയ തുക : ₹ 225000 വികസന ഫണ്ട് എസ്.സിപി

ചെലവു തുക : ₹ 70000 ബിൽ നമ്പർ 5/17-18 തീയ്യതി: 16.01.2018

മേൽ ബിൽ പ്രകാരം മാറിയ തുക മേൽക്കൂര മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി 2 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്,ഇതിൽ 2 ഗുണഭോക്താക്കളും ഓഡിറ്റ് വർഷത്തിൽ പദ്ധതി പൂർത്തിയാക്കിയിട്ടില്ല. സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ.(എം.എസ്) നമ്പർ.80/2017 തസ്വഭവ, തീയ്യതി.3.4.2017 ഖണ്ഡിക 8.6 മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ പദ്ധതിക്ക് വേണ്ടി തുക മുൻകൂർ നൽകുന്നതിന് മുൻപ് ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കി എൽ എസ് ജിഡി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയതിന് ശേഷമാണ് തുക നൽകേണ്ടത് എന്നുണ്ടെങ്കിലും ഇത് സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല . മുൻകൂർ തുക കൈപ്പറ്റിയ നൽകിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 മുൻകൂർ നൽകിയിട്ടും മരുന്നുകൾ മുഴുവനും ലഭ്യമാക്കിയിട്ടില്ല

| നിർവ്വഹണം | പദ്ധതി | അടങ്കൽ | ബിൽനം/തീയ്യതി | തുക | ലഭിക്കുവാൻ ബാക്കിയുള്ള മരുന്നുകൾ |
|---|---|---|---|---|---|
| മെഡിക്കൽ ആഫീസ്സർ ആയ്യുർവ്വേദം | 15/18 ആയ്യുർവ്വേദ ആശുപത്രിക്കും NRHM ഡിസ്പൻസറിക്കും ആവശ്യമായ മരുന്ന് വാങ്ങൽ | ₹1200000 (മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്) | 1/17-18 തീ.24.8.17 | 600000 | ₹1103 |
| | | | 2/17-18 തീ.9.1.18 | 600000 | |
| മെഡിക്കൽ ആഫീസ്സർ പിഎച്ച്സി | 102/18 പാലിയോറ്റീവ് പരിചരണം | ₹525132 (വികസന ഫണ്ട് പൊതുവിഭാഗം) | 5/17-18 | 200000 | ₹6272 |

ബാക്കി മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-9 ക്ഷീരകർഷകർക്ക് പാലിന് അധിക വില നൽകൽ പദ്ധതി- നടത്തിപ്പിൽ അപാകതകൾ - 1,76,225 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണം: ഡയറി ഫാം ഇൻസ്ട്രക്ടർ

പ്രോ. നമ്പർ: 27/2018

അടങ്കൽ: 8,50,000 ചെലവ് 7,49,000

ബിൽ നം . 1/2017-18 തിയതി 15/1/2018 2,00,000 ചെക്ക് നമ്പർ 2946666 /26-3-2018 2,10,000

ചെക്ക് നമ്പർ 2946667 /26-3-2018 3,39,000

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ക്ഷീരകർഷകർക്ക് അവർ അളക്കുന്ന ഓരോലിറ്റർ പാലിനും 3 രൂപ വീതം അധിക വിലയായി ബന്ധപ്പെട്ട കർഷകരുടെ അക്കൗണ്ടിലേക്ക് നൽകുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിച്ചത്. ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെ ചേർക്കുന്ന

അപാകതകൾ ഉണ്ട്.

1) 3-4-2017 ലെ സ. ഉ. (എം എസ്) നമ്പർ 80/2017 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 8-2-8 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ കണക്കാക്കി കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നൽകണം (ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ). എന്നാൽ ക്ഷീരവികസന വകുപ്പിന്റെ വിഹിതം ഇല്ലാതെയും അംഗീകരിച്ചിരിക്കുന്ന പദ്ധതിയിൽ നിന്നും വ്യതിചലിച്ചും 8/2017 മുതൽ 3/2018 വരെയുള്ള കാലയളവിലേക്ക് 4 രൂപ നിരക്കിൽ അധിക വില നൽകിയതായി കാണുന്നു.

2) ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിലുൾപ്പെട്ട ക്ഷീരകർഷകർക്കാണ് അധിക വിലയ്ക്ക് അർഹതയെന്ന് പദ്ധതിയിൽ പറയുന്നുണ്ടെങ്കിലും ധനസഹായം കൈപ്പറ്റിയ ഇരിണാവ് ക്ഷീരവ്യവസായ സഹകരണ സംഘത്തിൽ പാലളക്കുന്ന 13 ക്ഷീരകർഷകരും 2017-18 വർഷത്തേക്കുള്ള ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. അതുപോലെ തന്നെ ഈ ഗുണഭോക്താക്കൾക്കുള്ള ധനസഹായം 51726 രൂപ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാതെ ചെക്ക് മുഖേന വിതരണം ചെയ്തതായിട്ടാണ് കാണുന്നത്. ഇത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

3) ധനസഹായം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകാതെ ഇരിണാവ് ക്ഷീരവ്യവസായ സഹകരണ സംഘത്തിന്റെ പാലളക്കുന്ന ക്ഷീരകർഷകരുടെതുൾപ്പെടെ മൊത്തം തുകയും യാതൊരുവിധ കരാറും വയ്ക്കാതെ പാറക്കടവ് ക്ഷീരവ്യവസായ സഹകരണസംഘത്തിന് കൈമാറുകയും, ക്ഷീര സംഘം 15-1-2018-ൽ ലഭിച്ച 2,00,000രൂപ 31-3-2018 ലും 26-3-2018-ൽ ലഭിച്ച 5,49,000 രൂപയിൽ 492588 രൂപ 18-5-2018 ലും (4686 രൂപ കൈമാറിയ തിയതി രേഖപ്പെടുത്തിയിട്ടില്ല) പാറക്കടവ് ക്ഷീരവ്യവസായ സഹകരണസംഘത്തിൽ പാലളക്കുന്ന ക്ഷീരകർഷകരുടെ അക്കൗണ്ടിലേക്ക് കൈമാറി. എന്നാൽ ഇരിണാവ് ക്ഷീരവ്യവസായ സഹകരണ സംഘത്തിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് നൽകേണ്ട 51726 രൂപൽ 29-6-2018-ൽ ചെക്ക് നമ്പർ 529058മുഖേന ഇരിണാവ് ക്ഷീരവ്യവസായ സഹകരണ സംഘത്തിന് കൈമാറുകയും, ഇരിണാവ് സംഘം 18-7-2018-ൽ ഈ തുക ക്ഷീരകർഷകർക്ക് ചെക്ക് മുഖേന കൈമാറുകയും ചെയ്തു. ട്രഷറിയിൽ നിന്ന് പിൻവലിക്കുന്ന ദിവസം ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട തുക പാറക്കടവ് ക്ഷീരസംഘം ഏകദേശം 4 മാസത്തോളം കൈവശം വച്ചതിന് ശേഷമാണ് കൈമാറിയിരിക്കുന്നത്

അപാകത സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് നൽകിയ (നമ്പർ 8/2017-18) മറുപടിയിൽ ക്ഷീരവികസന വകുപ്പ് 4/17 മുതൽ 7/17വരെയുള്ള കാലയളവിലേക്ക് മാത്രമാണ് തുക അനുവദിച്ചതെന്നും അതിനാലാണ് തുടർന്നുള്ള മാസങ്ങളിൽ 4രൂപ വീതം അനുവദിച്ചതെന്നാണ് വിശദീകരിച്ചത്. അംഗീകരിച്ച പദ്ധതി പുതുക്കാതെയും, ക്ഷീരവികസന വകുപ്പ് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാലും പാറക്കടവ് ക്ഷീരസംഘത്തിന് അധിക വിലയായി അനുവദിച്ച 124499 യുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

ഇരിണാവ് ക്ഷീരവ്യവസായ സഹകരണ സംഘത്തിൽ പാലളക്കുന്ന 13 ക്ഷീരകർഷകരും 2017-18 വർഷത്തേക്കുള്ള ഗുണഭോക്തൃലിസ്റ്റിലുൾപ്പെടാത്തതിനാലും, ക്ഷീരവികസന വകുപ്പ്

അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാലും ഇരിണാവ് സംഘത്തിന് അധിക വില അനുവദിച്ചിട്ടുള്ളതിനാലും ഇരിണാവ് സംഘത്തിന് അനുവദിച്ച 51726 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു. (ആകെ176225 രൂപ) ക്ഷീരവികസന വകുപ്പ് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ, ഇരിണാവ് സംഘത്തിൽ നിന്നും ധനസഹായം കൈപ്പറ്റിയവർ കല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകരാണെന്ന് തെളിയിക്കുന്ന രേഖകൾ, ഇരിണാവ് സംഘത്തിന് കൈമാറിയ തുക യഥാർത്ഥ കർഷകർക്ക് തന്നെ കിട്ടിയെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ടവരുടെ സാക്ഷ്യപത്രങ്ങൾ എന്നിവ ഹാജരാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 595000 | നെൽകൃഷിക്ക് വിത്തും കൂലി ചെലവ് സബ്സിഡിയും 61/18 | 595000 | 0 |
| | | 200000 | ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് 77/18 | 199982 | 18 |
| | | 500000 | അംഗൻവാടി കെട്ടിടനിർമ്മാണം- കുറുക്കനാൽ 158/18 | 0 | 500000 |
| | | 210000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 27/18 | 210000 | 0 |
| | | 1000000 | ഗ്യാസ് ക്രിമിറ്റോറിയം | 0 | 1000000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് | 199982 | 18 |

| | | | | |
|---|---|---|---|---|
| | | സ്കോളർഷിപ്പ് 77/18 | | |
| | 350000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി27/18 | 339000 | 11000 |
| | 2490000 | വയോജന വ്യായാമകേന്ദ്രം നിർമ്മാണം 230/18 | 0 | 2490000 |
| | 480000 | ഇരിണാവ് ചുഴലി ഭഗവതി ക്ഷേത്രം റോഡ് റീടാറിംഗ് | 330256 | 149744 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | 7/17-18 30.06.2017 | 349800 | 349800 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 21000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 21000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 21000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | ഷെയർ സർട്ടിഫികറ്റ് നമ്പർ/നിക്ഷേപ തിയതി | തുക |
|---|---|---|---|
| 1 | മലബാർ ടൂറിസം ഡെവലപ്പ്മെന്റ് കോ -ഓപ്പറേറ്റിവ് ലിമിറ്റഡ് | 211/28-12-2014 - | 20000 |
| | കാനന്നൂർ ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ് | 379 | 1000 |
| ആകെ | | | 21000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 100521 /-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 | 3-3 | 180 | ശ്രീമതി അമ്പിളി പി, ഐ സി ഡി എസ് സൂപ്പർവൈസർ | 117020106350/18-12-2017 |
| 2016-17 | 3-19 | 100341 | കെൽട്രോൺ | 117020500095/26-2-2018 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | വിഷയാധിഷ്ഠത | 2009-10 | 2-3 | ഗ്രാമ സഭയിൽ | നിയമസഭാ |

| | | | | | |
|---|---|---|---|---|---|
| | അവലോകനം | | | ജനപങ്കാളിത്തം ഉറപ്പവരുതതുന്നില്ല | സമിതിയുടെ പരിഗണനയിൽ |
| 2006-07 | | 2009-10 | 2-5 | വികസന ഫണ്ട് വിനിയോഗം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2-2 | 2016-17 | 2 | തൊഴിൽ വികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് ഇംപാക്ട്

| ഓഡിറ്റ് എൻക്വയറി നമ്പർ | വിഷയം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 8/2017-18 | മരാമത്ത് പ്രവൃത്തി -കരാറുകാരന് അധികതുക നൽകിയത് | 2007/-രൂപ, റസീറ്റ് നമ്പർ 118020106591/<br>27-11-2018 | അസി.എൻജിനിയർ എൽ.എസ്.ജി.ഡി. കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 59136965 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 75110860 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 176225 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | | |
|---|---|---|
| നമ്പർ | | ഉദ്യോഗപ്പേരും |
| 3-9 | 176225 | ശ്രീ.ദിജേഷ്.കെ<br>ഡയറി ഫാം ഇൻസ്ട്രക്ടർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് | മേൽവിലാസം |
|---|---|---|
| 3-9 | ശ്രീ.ദിജേഷ്. കെ<br>ഡയറി ഫാം ഇൻസ്ട്രക്ടർ | രശ്മിനീയർ,<br>ഇടക്കപ്പുറം എൽപി സ്കൂൾ<br>ചെറുകുന്ന് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000<br>(പദ്ധതി വിഹിതം) | കെ.എസ്.എ/കെ.എൻ.ആർ /സി2/2104/2017 തീയതി. 17-3-18 | 02 |
| 2000-01<br>പദ്ധതി | കെ.എസ്.എ/കെ.എൻ.ആർ /സി2/2104/2017 തീയതി. 17-3-18 | 3 |

| | | |
|---|---|---|
| വിഹിതം) | | |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ /സി2/2104/2017 തീയതി. 17-3-18 | 1 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ /സി2/2104/2017 തീയതി. 17-3-18 | 1 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ /സി2/2104/2017 തീയതി. 17-3-18 | 04 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ /സി2/2104/2017 തീയതി. 17-3-18 | 01 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ /സി2/2104/2017 തീയതി. 17-3-18 | 2 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ /സി2/2104/2017 തീയതി. 17-3-18 | 03 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ /സി2/2104/2017 തീയതി. 17-3-18 | 02 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ /സി2/2104/2017 തീയതി. 17-3-18 | 05 |
| 2010-11,2011-12 | കെ.എസ്.എ/കെ.എൻ.ആർ /സി2/2104/2017 തീയതി. 17-3-18 | 06 |
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ /സി2/2104/2017 തീയതി. 17-3-18 | 01 |
| 2013-14,2014-15 | കെ.എസ്.എ/കെ.എൻ.ആർ /സി2/2104/2017 തീയതി. 17-3-18 | 08 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ /സി12/1770/2018 തീയതി. 7-11-18 | 4 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.12/2058/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 30.01.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

# RECEIPT AND PAYMENT STATEMENT OF KALLIASSERI GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 38900282.11<br>0.00 |
| | Receipts | | |

| | | | |
|---|---|---|---|
| Operating | | | |
| 110000000 | Tax Revenue | RP-1 | 1898100.00 |
| 140000000 | Fees & User Charges | RP-4 | 1649313.00 |
| 150000000 | Sale & Hire Charges | RP-5 | 639090.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 10115680.00 |
| 171000000 | Interest Earned | RP-9 | 460156.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 19396525.00 |
| 350000000 | Other Liabilities | RP-36 | 300973.00 |
| 431000000 | Sundry Debtors(Recievables) | RP-43 | 311900.00 |
| Non operating | | | |
| 340000000 | Deposits Received | RP-34 | 483312.00 |
| 180000000 | Other Income | RP-10 | 7500.00 |
| 311000000 | Earmarked Fund | RP-29 | 5538.00 |
| 350000000 | Other Liabilities | RP-36 | 269329.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 6109809.00 |
| 460000000 | Loans,Advances and Deposits | RP-47 | 391224.00 |
| Grand Total | | | 80938731.11 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2797581.00 |
| 220000000 | Administrative Expenses | RP-12 | 842015.00 |
| 230000000 | Operations & Maintenance | RP-13 | 1363026.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3438315.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 9201335.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 730368.00 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 406085.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 701536.00 |

| | | | |
|---|---|---|---|
| 255000000 | Maintance Projects | RP-20 | 4339789.00 |
| 280000000 | Prior Perid Items | RP-26 | 67822.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 49166.00 |
| 350000000 | Othes Liabilities | RP-36 | 4189370.00 |
| Non Operating | | | |
| 240000000 | Interest and Finance Charges | RP-14 | 29.00 |
| 280000000 | Prior Period Item | RP-26 | -2976.00 |
| 311000000 | Earmarked Fund | RP-29 | 9000.00 |
| | | | |
| 340000000 | Deposits Received | RP-34 | 163.00 |
| 350000000 | Other Liabilities | RP-36 | 1954435.00 |
| 410000000 | Fixed Assets | RP-38 | 4480046.00 |
| 412000000 | Capital Work in progress | RP-40 | 2496615.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2496615.00 |
| 460000000 | Loans, Advances and Deposits | RP-47 | 2048603.00 |
| | Closing Balance | | |

| | | | |
|---|---|---|---|
| | Bank<br>Cash | RP-40(b)<br>RP-40(b) | 41295938.11<br>0.00 |
| Grand Total | | | 80938731.11 |

## അനുബന്ധം-2-2

# INCOME AND EXPENDITURE STATEMENT OF KALLIASSERI GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 6238301.00 |
| 130000000 | Rental Income from panchayat properties | I-3 | 487067.00 |
| 140000000 | Fees & User Charges | I-4(b) | 1795249.00 |
| 150000000 | Sale & Hire Charges | I-5(b) | 642090.00 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 70852587.00 |
| 171000000 | Interest Earned | I-8 | 460156.00 |
| 180000000 | Other Income | I-9 | 7500.00 |
| A | Total Income | | 80482950.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8607740.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11(b) | 842015.00 |
| 230000000 | Operations & Maintenance | I-12(b) | 1363026.00 |
| 240000000 | Interest & Finance Charges | I-13 | 29.00 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 8261035.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 9366780.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 730368.00 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 421669.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 44792391.00 |
| 255000000 | Maintance Projects | I-14(e) | 4339789.00 |
| 272000000 | Depreciation | I-17(a) | 2382644.00 |
| B | Total Expenditure | | 81107486.00 |
| C=A-B | Gross Surplus / Defict Income over Expenditure | | (624536.00) |
| D= 280000000 | Prior Period Item | I-18 | 1344745.00 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | (1969281.00) |

| | | | |
|---|---|---|---|
| | Net Balance being Surplus/Defict carried over to<br>Balance Sheet (Panchayat Fund) | | |

## അനുബന്ധം-2-3

# BALANCE SHEET OF KALLIASSERI GRAMA PANCHAYAT AS ON 31-3-2018

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 43846628.75 |
| 311000000 | Earmarked Funds -Special Funds/Sinking Fund/Trust orAgency Fund | B-2 | 25094.00 |
| 312000000 | Reserves | B-3 | 27601589.00 |
| | Total Reserve & Surplus | | |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 1133335.00 |
| | Total Grants,Contribution for specific purposes | | 1133335.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.00 |

| | | | |
|---|---|---|---|
| | Total Loans | | |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 1247380.00 |
| 350000000 | Other Liabilities | B-9 | 1460154.54 |
| | Total Current Liabilities and Provisions | | 2707534.54 |
| | TOTAL LIABILITIES | | 75314181.11 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 37699114.00 |
| 411000000 | Accumulated Depreciation | B-11 | (6502573.00) |
| 412000000 | Capital Work In Progress | B-11(a) | 316111.00 |
| | Total Fixed Assets | | |
| | Investments | | |
| 420000000 | Investments | B-12 | 21000 |
| | Total Investments | | 21000 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 640512.0 |
| 450000000 | Cash and Bank balance | B-17 | 41295938.11 |
| 460000000 | Loans, Advances and Deposits | B-18 | 1844079.00 |

| | | | |
|---|---|---|---|
| | Total Current Assets,Loans and Advances | | 43780529.11 |
| | TOTAL ASSETS | | 75314181.11 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.